# കേരള സർവകലാശാല

നം.പി.ആർ.27/2020 ഫോൺ: 2305738


## പത്രക്കുറിപ്പ്

### എം.ഫിൽ ഫെല്ലോഷിപ്പ്

2019 – 20 വർഷത്തെ എം.ഫിൽ വിദ്യാർത്ഥികൾക്കുള്ള സർവകലാശാല ഫെല്ലോഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2019 – 20 വർഷം എം.ഫിൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2020 ഫെബ്രുവരി 29. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പി.ജി, എം.ടെക് അഡ്മിഷൻ

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി അഡ്മിഷനും, (സി.എസ്.എസ്) ഫ്യൂച്ചർ സ്റ്റഡീസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ പഠനവകുപ്പുകളിലെ എം.ടെക് (നോൺ ഗേറ്റ്) അഡ്മിഷനും വേണ്ടിയുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 29 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഫിസിക്സ് (2018 – 19 ബാച്ച്), യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ മാസ്റ്റർ ഓഫ് കൊമേഴ്സ് (2017 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

അറബി വിഭാഗം നടത്തുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് രണ്ടാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പാർട്ട് ടൈം – വീക്കെൻഡ് (ശനി & ഞായർ ദിവസങ്ങളിൽ 3 മണിക്കൂർ വീതം) ആയിട്ടാണ് കോഴ്സ് നടക്കുന്നത്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേ

റ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ), ഫീസ്: 6000/–, സീറ്റുകൾ:15, അപേക്ഷാഫോമും വിശദവിവരങ്ങളും കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10. ഫോൺ: 9562722485, 9446827141.



പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
04.02.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098